LIBRARY ARCHIVES Kerala Legislative Assembly

ജനസമ്പർക്ക പരിപാടി

41 (41) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി മറുപടി നൽകുമോ :

2015-ലെ ജനസമ്പർക്ക പരിപാടിയിലേക്ക് എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കാമോ ; ഇതിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ഒഴികെയുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു എന്ന് വ്യക്തമാക്കാമോ ; പ്രസ്തുത വിവരങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ?

ഉത്തരം

2015-ലെ ജനസമ്പർക്ക പരിപാടിയിൽ 3,61,483 അപേക്ഷകൾ ലഭിച്ചു. (പാലക്കാട് ഓൺലൈൻ അപേക്ഷ മാത്രം) ഇതിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ഒഴികെയുള്ള 95,807 അപേക്ഷകളിൽ തീർപ്പ് കല്പിച്ചു. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

ജനസമ്പർക്ക പരിപാടി

42 (42) ശ്രീ. എം. ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ വർഷം ഇതുവരെ നടത്തിയ ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനായി എത്ര രൂപയാണ് ചെലവഴിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം ജില്ലകളിലാണ് ജനസമ്പർക്ക പരിപാടി നടത്തിയത് ;

(സി) എത്ര പണമാണ് ഇതുവരെ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ വിതരണം നടത്തിയിട്ടുള്ളത് ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) സാമ്പത്തിക സഹായ വിതരണമല്ലാതെ മറ്റെന്തെല്ലാം പരിപാടികളാണ് ജനസമ്പർക്കത്തിലൂടെ നടപ്പിലാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ക്രോഡീകരിച്ചുവരുന്നു.

(ബി) പാലക്കാട് ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിലും ജനസമ്പർക്ക പരിപാടി നടത്തി.

(സി) പാലക്കാട് ഒഴികെ മറ്റ ജില്ലകളിലായി 58,33,61,500 രൂപ (അൻപത്തിയെട്ട കോടി മുപ്പത്തിമൂന്നലക്ഷത്തി അറുപത്തിയൊന്നായിരത്തി അഞ്ഞൂറ് രൂപ) വിതരണം ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.